## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4356 — 12.11.2019 -ൽ മറുപടിയ്ക്ക്

### വള്ളംകളി ലീഗ് മാർക്കറ്റ് ചെയ്യാൻ നടപടി

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടക്കുന്ന വിവിധ വള്ളംകളികൾ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ ഒരു ടൂറിസം പ്രോജക്ടാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) യും ബി) യും | സംസ്ഥാനത്ത് നടക്കുന്ന പ്രധാന വള്ളംകളികളെ സംയോജിപ്പിച്ച് ലീഗ് അടിസ്ഥാനത്തിൽ മത്സരം നടത്തുന്നതിനായി "ചാമ്പ്യൻസ് ബോട്ട് ലീഗ്" എന്ന പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പ് ഈ വർഷം ആരംഭം കുറിച്ചിട്ടുണ്ട്.<br>പ്രഥമ ചാമ്പ്യൻസ് ബോട്ട് ലീഗ് താഴെ പറയുന്ന സമയക്രമത്തിൽ നടന്നുവരുന്നു.<br>1. നെഹ്റു ട്രോഫി ബോട്ട് റേസ്, ആലപ്പുഴ- ഓഗസ്റ്റ് 31, 2019<br>2. താഴത്തങ്ങാടി, കോട്ടയം-സെപ്റ്റംബർ 7, 2019<br>3. കരുവാറ്റ, ആലപ്പുഴ- സെപ്റ്റംബർ 14, 2019<br>4. പിറവം, എറണാകുളം-സെപ്റ്റംബർ 28, 2019<br>5. മറൈൻ ഡ്രൈവ്, എറണാകുളം- ഒക്ടോബർ 5, 2019<br>6. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 12, 2019<br>7. കോട്ടപ്പുറം, തൃശ്ശൂർ-ഒക്ടോബർ 19, 2019 (സാങ്കേതിക കാരണങ്ങളാൽ പൊന്നാനിയിൽ നിശ്ചയിച്ചിരുന്ന വള്ളംകളി കോട്ടപ്പുറത്തുവച്ച് നടത്തി)<br>8. കൈനകരി, ആലപ്പുഴ-ഒക്ടോബർ 26, 2019<br>9. പുളിങ്കുന്ന്, ആലപ്പുഴ-നവംബർ 2, 2019<br>10. കായംകുളം. ആലപ്പുഴ- നവംബർ 9, 2019<br>11. കല്ലട, കൊല്ലം- നവംബർ 16, 2019<br>12. പ്രസിഡന്റ്സ് ട്രോഫി ബോട്ട് റേസ്, |
| ബി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വള്ളംകളികൾ ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | | |

| | | | |
|---|---|---|---|
| | | | കൊല്ലം- നവംബർ 23, 2019 |
| സി) | ലീഗ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന വള്ളംകളികൾ മാർക്കറ്റ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | സി) | ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ പ്രചരണം താഴെ പറയുന്ന മാധ്യമങ്ങൾ വഴി നടത്തി വരുന്നു.<br>• അച്ചടി/ ഡിജിറ്റൽ നവമാധ്യമങ്ങൾ വഴിയുള്ള പ്രചരണം<br>• ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചുള്ള പ്രചരണം<br>• ഇന്ത്യയിലെ പ്രധാന എയർപോർട്ടുകളിൽ എൽ.ഇ.ഡി സ്ക്രീനുകൾ വഴി പ്രചരണം<br>• എഫ്.എം റേഡിയോ വഴി പ്രചരണം<br>• ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ വഴി പ്രചരണം<br>• മൊബൈൽ വാനുകൾ വഴി പ്രചരണം<br>• ടാക്സി കാറുകളിൽ പരസ്യം പതിച്ചുള്ള പ്രചരണം<br>• ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ പ്രൊമോഷൻ വീഡിയോ സ്റ്റാർ സ്പോർട്സിൽ പ്രദർശിപ്പിക്കുന്നുണ്ട്. |
| ഡി) | ചാമ്പ്യൻസ് ബോട്ട് ലീഗ് ടൂറിസം കലണ്ടറിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | ഡി) | ചാമ്പ്യൻസ് ബോട്ട് ലീഗ് ദേശീയ/ അന്തർദേശീയ ടൂർ ഓപ്പറേറ്റർമാരുടെ യാത്രാ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ